പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3310 13.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. കാസർഗോഡ് ഡിപ്പോ

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ യാത്രാ നിരക്ക് വർദ്ധിപ്പിച്ചതിനുശേഷം ദിനം പ്രതി എത്ര ശതമാനം അധികവരുമാനം ലഭിക്കുന്നുണ്ട്; | (എ) | 21.12.2016-ലാണ് ഓർഡിനറി സർവ്വീസുകളിൽ മിനിമം ചാർജിൽ ഒരു രൂപയുടെ നിരക്ക് വർദ്ധനവ് ഉണ്ടായത്. ആയിനത്തിൽ ശരാശരി 23 ലക്ഷം രൂപയുടെ ദിനംപ്രതി അധികവരുമാനം ലഭിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്താകെയുള്ള കെ.എസ്. ആർ.ടി.സി. ഡിപ്പോകളിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന ഡിപ്പോകളുടെ പേരുവിവരങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.റ്റി.സി.യിലെ ഒരു ഡിപ്പോയും ലാഭത്തിൽ പ്രവർത്തിക്കുന്നില്ല. |
| (സി) | ലാഭത്തിൽ പ്രവർത്തിക്കുന്ന ഡിപ്പോകളിലേക്ക് അധികം ബസ്സുകൾ അനുവദിക്കാൻ ആലോചനയോ തീരുമാനമോ കൈക്കൊണ്ടിട്ടുണ്ടോ; | (സി) | ലാഭ-നഷ്ടം പരിഗണിക്കാതെ ഡിപ്പോ പ്രവർത്തിക്കുന്ന പ്രദേശത്തെ ട്രാഫിക് ഡിമാന്റ് കണക്കാക്കിയാണ് ബസ്സുകൾ അനുവദിക്കുന്നത്. |
| (ഡി) | കാസർഗോഡ് ഡിപ്പോയിൽ അനുവദിക്കപ്പെട്ട സർവ്വീസുകളിൽ എത്ര ബസ്സുകളുടെ കുറവുണ്ടെന്ന് അറിയിക്കാമോ; | (ഡി) | നിലവിലുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ബസ്സുകൾ നിലവിലുണ്ട്. |
| (ഇ) | 2016 മാർച്ച് മാസത്തിനുശേഷം കാസർഗോഡ് ഡിപ്പോയിൽ എത്ര സർവ്വീസുകൾ വെട്ടിച്ചുരുക്കിയിട്ടുണ്ട്; അവ ഏതൊക്കെയാണ്; | (ഇ) | 2016 മാർച്ച് മാസത്തിനുശേഷം കാസർകോഡ് ഡിപ്പോയിൽ നിന്നും ഷെഡ്യൂളുകൾ വെട്ടിച്ചുരുക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | കാസർഗോഡ് ഡിപ്പോയ്ക്ക് കീഴിൽ പുതിയ സർവീസുകൾ അനുവദിക്കാൻ തീരുമാനമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ റൂട്ടുകളിലെന്ന് വ്യക്തമാക്കുമോ? | (എഫ്) | പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ